# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3854 19.03.2018-ൽ മറുപടിക്ക്

**ഹയർസെക്കന്ററി പ്രിൻസിപ്പൽമാരെ അദ്ധ്യാപനം നടത്തുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ അമിത ജോലി ഭാരം കുറയ്ക്കുന്നതിനു വേണ്ടി ഇവരെ അദ്ധ്യാപനം നടത്തുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കന്ററി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കന്ററിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾ കൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടി വന്നത്. ഹയർ സെക്കന്ററിയിൽ, നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. സർക്കാർ/എയ്ഡഡ് മേഖലകളിലായി 1450 സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തിക നിലവിലുണ്ട്. ടി തസ്തികകൾ അധ്യാപന തസ്തികകൾ അല്ലാതാകുമ്പോൾ അത്രയും എച്ച്.എസ്.എസ്.ടി തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും. തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രിൻസിപ്പൽമാരെ അധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) കൗമാരക്കാരായ വിദ്യാർത്ഥികളെ നിയന്ത്രിക്കേണ്ടതും ക്ലാർക്കിൻറയും പ്യൂണിന്റെയും പണിയെടുക്കേണ്ടതും പ്രിൻസിപ്പൽമാരായതിനാൽ ക്ലാസ്സുകൾ ഇവരിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യത്തെ സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ? | (ബി) | |

സെക്ഷൻ ഓഫീസർ.